Gk/08

# ജാഗ്രതയുമായി പാണഞ്ചേരി മുന്നേറുന്നു

തർക്കങ്ങളും, പ്രശ്നങ്ങളും, പരാതികളുമില്ലാത്ത മനുഷ്യർ ചുരുക്കമാണ്. പ്രശ്നങ്ങൾ പരിഹരിക്കാൻ കോടതിയെ സമീപിക്കാനുള്ള മടി പൊതുവെ നമ്മുടെ സമൂഹത്തിനുണ്ട്. ഇങ്ങനെ കോടതിയെയോ, പോലീസിനെയോ സമീപിക്കാതെ പ്രശ്നങ്ങളെല്ലാം ഉള്ളിലൊതുക്കിയും, ഭയപ്പെട്ടും, കൂടുതൽ സങ്കീർണ്ണ ജീവിതം തള്ളി നീക്കുന്നവർക്കു വേണ്ടി പാണഞ്ചേരി പഞ്ചായത്ത് ആവിഷ്ക്കരിച്ച പദ്ധതിയാണ് 'ജാഗ്രത-സ്ത്രീ-ശാക്തീകരണ സമിതി'.പേരിലൊരു സ്ത്രീയുണ്ടെങ്കിലും സ്ത്രീ വിഷയങ്ങൾ മാത്രമല്ല ഇവർ ഏറ്റെടുത്ത് നടത്തുന്ന തെന്നുള്ളതും ഈ സമിതിയുടെ ഒരു പ്രത്യേകതയാണ്. രണ്ടായിരത്തി അഞ്ചിൽ സ്ഥാപനവത്ക്കരിച്ച ജാഗ്രത സമിതിക്ക് പരാതി പരിഹാര സമിതി, ജെൻഡർ ഡെസ്ക്, ട്രയിനിംഗ് പ്രോഗ്രാം സമിതി എന്നിങ്ങനെ മൂന്നു സമിതികളാണുള്ളത്.

വിവിധ സ്ഥലങ്ങളിൽ നിന്നുള്ള പരാതികൾ സ്വീകരിച്ച് അതിന് പരിഹാരം കണ്ടെത്തലാണ് പരാതി പരിഹാര സെല്ലിന്റെ മുഖ്യമായ പ്രവർത്തനങ്ങൾ. പരാതികൾ ശേഖരിക്കാനായി ഒരു വിജിലൻസ് സമിതി ഇതിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ വിഷയങ്ങൾ മാത്രമല്ല, അതിർത്തി തർക്കം, കുടുംബ പ്രശ്നങ്ങൾ, സ്ക്കൂൾ കുട്ടികളുടെ പ്രശ്നങ്ങൾ എന്നിങ്ങനെ വിവിധ തരം പ്രശ്നങ്ങളിലും പരിഹാരം കണ്ടെത്തുന്നത് ഈ സമിതിയാണ്.നാലു വർഷ ത്തിനുള്ളിൽ എണ്ണൂറോളം പരാതികളിൽ പരിഹാരം കണ്ടെത്താൻ ഇവർക്കായി എന്നുള്ളതാണ് ജാഗ്രത സമിതിയുടെ ഏറ്റവും വലിയ പ്രത്യേകത.

രണ്ടാമത്തെ ഉപസമിതിയായ ജെൻഡർ ഡെസ്ക് സ്ക്കൂൾ കുട്ടികൾക്കാ യുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും അവരുടെ പ്രശ്നങ്ങളും പരാതികളും അന്വേഷിച്ച് അവ പരിഹരിച്ചു നൽകുകയും ചെയ്യുന്നു.

ആദിവാസികൾ, കുടുംബ ശ്രീ പ്രവർത്തകർ, വൃദ്ധ ജനങ്ങൾ, യുവജന ങ്ങൾ എന്നിവർക്ക് ബോധവത്ക്കരണ പരിപാടികൾ, പരിശീലന ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയാണ് ട്രെയിനിംഗ് പ്രോഗ്രാം സെല്ലിന്റെ പ്രധാന ദൗത്യം. പോലീസ് ഡിപ്പാർട്ടുമെന്റുമായും, എക്സ്സൈസ് ഡിപ്പാർട്ട്മെന്റുമായി ചേർന്നും ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.

പോലീസ് ഡിപ്പാർട്ട്മെന്റ് ജാഗ്രത സമിതിയുമായി വളരെയധികം സഹക രിക്കുന്നെണ്ടെന്നും ജാഗ്രത സമിതി കോ-ഓർഡിനേറ്റർ അഡ്വക്കേറ്റ്. സിസ്റ്റർ ലിസി ചാക്കോ പറയുന്നു. പരാതികളുമായി പോലീസ് സ്റ്റേഷനിൽ വരുന്ന ചിലരെ പോലീസ് തന്നെ മുൻകൈയ്യെടുത്ത് കൗൺസിലിംഗിനായി ജാഗ്രത സമിതിയിലേക്കാറുണ്ട്.

തികഞ്ഞ ജാഗ്രത പുലർത്തിക്കൊണ്ട് നാട്ടുകാരുടെ പ്രശ്നങ്ങളിലിടപ്പെടു കയും അവയ്ക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്ന പാണ ഞ്ചേരി ജാഗ്രത സമിതിക്കാണ് വനിത കമ്മീഷന്റെ സംസ്ഥാനത്തെ ഏറ്റവും മിക ച്ച ജാഗ്രത സമിതിക്കുള്ള അവാർഡ്.

ജില്ല – തൃശ്ശൂർ
പഞ്ചായത്ത് – പാണഞ്ചേരി
പ്രസിഡന്റ് – ലില്ലി ഫ്രാൻസിസ്
റഫറൻസ് – അഡ്വ. സിസ്റ്റർ ലിസി ചാക്കോ
9447937956